# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2897 | 28.01.2014 ൽ മറുപടിക്ക് |
|---|---|

**ആർ.ഡി.ഡി. ഓഫീസുകളിലെ പരിശോധന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. പി. കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഹയർ സെക്കന്ററിയുടെ മേഖല ഡെപ്യൂട്ടി ഡയറക്ടർ (ആർ.ഡി.ഡി) ഓഫീസുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു; ഓരോ ആർ.ഡി.ഡി ഓഫീസുകളുടെയും പരിധിയിൽ വരുന്ന വിദ്യാഭ്യാസ ജില്ലകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഹയർ സെക്കന്ററിയുടെ മേഖല ഡെപ്യൂട്ടി ഡയറക്ടർ (ആർ.ഡി.ഡി) ഓഫീസുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ കോട്ടയം, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിൽ പുതിയ മൂന്ന് മേഖലാ ഓഫീസുകൾ അനുവദിക്കുകയും മലപ്പുറം ഓഫീസ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു രണ്ട് മേഖലാ ഓഫീസുകളും തുടങ്ങുന്നതിനുള്ള ഊർജ്ജിത നടപടികൾ തുടർന്നുവരുന്നു. ഓരോ മേഖലാ ഓഫീസുകളുടെയും പരിധിയിൽ വരുന്ന ജില്ലകൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട |
| കോട്ടയം | കോട്ടയം, ആലപ്പുഴ, ഇടുക്കി |
| എറണാകുളം | എറണാകുളം, തൃശൂർ |
| മലപ്പുറം | മലപ്പുറം, പാലക്കാട് |
| കോഴിക്കോട് | കോഴിക്കോട്, വയനാട് |
| കണ്ണൂർ | കണ്ണൂർ, കാസറഗോഡ് |

| | | |
|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.ഡി.ഡി ഓഫീസുകളിൽ എത്രയെണ്ണത്തിൽ റെയ്ഡോ, മിന്നൽ പരിശോധനയോ നടക്കുകയുണ്ടായി; ഇവയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കുമോ; | (ബി & സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ആർ.ഡി.ഡി ആഫീസിൽ വിജിലൻസ് പരിശോധന നടന്നിരുന്നു. റിപ്പോർട്ട് ലഭിച്ചിട്ടില്ല. തിരുവനന്തപുരം, എറണാകുളം കോഴിക്കോട് മേഖലാ ആഫീസുകളിൽ ഹയർസെക്കന്ററി ഡയറക്ടർ ആഫീസിൽ നിന്നും മിന്നൽ പരിശോധനയും മറ്റ് പരിശോധനകളും നടത്തിയിട്ടുണ്ട്. മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, പി.എഫ്, നിയമനാംഗീകാരം, റിട്ടയർമെന്റ് ആനുകൂല്യ വിതരണം തുടങ്ങിയ ഫയലുകൾ ടി ആഫീസുകളിൽ മാസങ്ങളായി തീർപ്പാകാതെ അവശേഷിക്കുന്നത് ശ്രദ്ധയിൽപ്പെടുകയും ആയത് സമയബന്ധിതമായി തീർപ്പാക്കുന്നതിന് വേണ്ടുന്ന കർശന നിർദ്ദേശങ്ങൾ മേഖലാ ആഫീസർമാർക്ക് ഹയർ സെക്കന്ററി ഡയറക്ടർ നൽകുകയും വീഴ്ച വരുത്തിയ ജീവനക്കാരോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ക്രമക്കേടുകൾ നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരവും അവർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ശേഖരിച്ചുവരുന്നു. |
| (സി) | ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം; ഇവരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ; | |
| (ഡി) | സേവനാവകാശ നിയമപ്രകാരം 'ആനുകൂല്യങ്ങൾ നിശ്ചിത സമയത്ത് ലഭ്യമാക്കും' എന്ന ബോർഡ് ഓരോ ഓഫീസിലും പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥ ആർ.ഡി.ഡി ഓഫീസുകളിൽ പാലിച്ചിട്ടുണ്ടോ; ഇല്ല എങ്കിൽ കാരണം എന്ത് എന്ന് വ്യക്തമാക്കുമോ; | (ഡി) ഇല്ല.<br>കാരണങ്ങൾ ശേഖരിച്ചുവരുന്നു. |

| | | |
|---|---|---|
| (ഇ) | റെയ്ഡോ മിന്നൽ പരിശോധനയോ നടത്താത്ത വ്യാപകമായ ക്രമക്കേട് വരുത്തുന്ന മറ്റ് ആർ.ഡി.ഡി ഓഫീസുകൾ ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | **(ഇ)** നിലവിലുള്ള മേഖലാ ആഫീസുകളിൽ റെയ്ഡോ പരിശോധനയോ നടത്തിയിട്ടുണ്ട്. പുതുതായി അനുവദിച്ച കോട്ടയം, മലപ്പുറം, കണ്ണൂർ മേഖലാ ആഫീസുകൾ പ്രവർത്തനം തുടങ്ങുന്നതേയുള്ളു.. |
| (എഫ്) | ഹയർ സെക്കന്ററി എറണാകുളം ആർ.ഡി.ഡി ഓഫീസിൽ ഇത്തരത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യം വേണ്ട മിന്നൽ പരിശോധനകൾ നടത്താൻ തയ്യാറാകുമോ; | **(എഫ്)** എറണാകുളം മേഖലാ ആഫീസിൽ മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്. |
| (ജി) | എറണാകുളം ആർ.ഡി.ഡി ഓഫീസിൽ ആർ.ഡി.ഡി ഉൾപ്പെടെ എത്ര ജീവനക്കാരുണ്ട്; എത്ര ഹയർ സെക്കന്ററി സ്കൂളുകൾ ഇതിന്റെ പരിധിയിൽ വരുന്നു; ഇവിടുത്തെ ജീവനക്കാരുടെ ഹാജർനില സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ജീവനക്കാർ കൃത്യസമയത്ത് ഓഫീസിൽ വരാത്തതും വളരെ നേരത്തെ ഓഫീസ് വിട്ട് പോകുന്നതിനെ സംബന്ധിച്ചും വ്യാപകമായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം വ്യക്തമാക്കുമോ; | **(ജി & എച്ച്)** എറണാകുളം ആർ.ഡി.ഡി ആഫീസിൽ ആർ.ഡി.ഡി ഉൾപ്പെടെ 17 ജീവനക്കാർ ഉണ്ട്. ടി ആഫീസിന്റെ പരിധിയിൽ എറണാകുളം, കോട്ടയം, തൃശ്ശൂർ, ഇടുക്കി, പാലക്കാട് ജില്ലകളിലെ 274 എയ്ഡഡ് സ്കൂളുകളും 257 ഗവൺമെന്റ് സ്കൂളുകളും ഉണ്ട്. (പാലക്കാട്, കോട്ടയം, ഇടുക്കി ജില്ലകളിലെ സ്കൂളുകൾ പുതുതായി അനുവദിച്ച മലപ്പുറം, കോട്ടയം ആഫീസുകളിലേക്ക് മാറ്റുന്നതാണ്) ടി ഓഫീസിൽ ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്നത് സംബന്ധിച്ച് പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മിന്നൽ പരിശോധന നടത്തുകയും, ജീവനക്കാരുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് 18.12.2012-ൽ 52127/റ്റി3/12/പൊ.വി.വ നമ്പർ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (എച്ച്) | എങ്കിൽ അദ്ധ്യാപകർക്കും മറ്റുള്ളവർക്കും യഥാസമയം ഇവിടുത്തെ ജീവനക്കാരുടെ സേവനം ലഭ്യമല്ലാത്തതിനാൽ ഇവരുടെ സേവനം യഥാസമയം ലഭ്യമാക്കാൻ എന്തുനടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ | |

സെക്ഷൻ ഓഫീസർ